KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

സൂചന നമ്പർ: RR/1100

തീയ്യതി : 11.11.2022

## സർക്കുലർ 78/2022 (റിക്കവറി) അനുബന്ധം

വിഷയം : സർക്കുലർ 78/2022 (റിക്കവറി) പ്രകാരം കുടിശ്ശിക അക്കൗണ്ടുകൾ റവന്യൂ റിക്കവറിയിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നല്ലോ. എന്നാൽ 11.11.2022 ഹെഡ് ഓഫീസിൽ വെച്ചു നടന്ന മേഖലാ ഓഫീസുകളിലെ കുടിശ്ശിക വിഭാഗം മാനേജർമാരുടെ യോഗം 18 മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ള മുഴുവൻ അക്കൗണ്ടുകളും റവന്യൂ റിക്കവറിയിലേക്ക് മാറ്റുന്നത് എസ് ഡി ടി ഓഫീസിലെ ഫയലുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കും എന്ന് വിലയിരുത്തി. ആകയാൽ റവന്യൂ റിക്കവറിയിലേക്ക് മാറ്റേണ്ട ഫയലുകളുടെ പുതുക്കിയ മാനദണ്ഡം ചുവടെ ചേർക്കുന്നു

1. വരിക്കാർ/വായ്പക്കാർ/ജാമ്യക്കാർ ഇതിനകം വിരമിച്ച / ഉടൻതന്നെ വിരമിക്കുന്ന അക്കൗണ്ടുകൾ.
2. വരിക്കാർ വായ്പക്കാർ/ജാമ്യക്കാർ മരണപ്പെട്ട അക്കൗണ്ടുകൾ.
3. ജാമ്യവസ്തുക്കളിൽ എന്തെങ്കിലും അപാകതയോ അല്ലെങ്കിൽ ജാമ്യവസ്തു വില്പന നടത്തപ്പെടുകയോ അതുമല്ലെങ്കിൽ കോടതി നടപടികൾ / മറ്റു അറ്റാച്ചുമെന്റുകൾ ഉള്ളവയോ ആയ അക്കൗണ്ടുകൾ.
4. ചിട്ടി/വായ്പാ അക്കൗണ്ടുകളിൽ 36 തവണയോ അതിനു മുകളിലോ കുടിശ്ശിക വരുത്തിയ അക്കൗണ്ടുകൾ.

മേൽ വിവരിച്ച അക്കൗണ്ടുകൾ മാത്രമേ ആദ്യഘട്ടത്തിൽ റവന്യൂ റിക്കവറിയിലേക്ക് മാറ്റേണ്ടതുള്ളൂ. മറ്റ് അക്കൗണ്ടുകൾ തുടർ അറിയിപ്പ് ഹെഡ് ഓഫീസിൽ നിന്നും ലഭിച്ച ശേഷം മാത്രം റവന്യൂറിക്കവറിയിലേക്ക് മാറ്റിയാൽ മതി.

റീജിയണൽ ഓഫീസുകൾ ശാഖകൾക്ക് കുടിശ്ശികയുള്ള അക്കൗണ്ടുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാനുള്ള അനുമതി നൽകുമ്പോൾ ഓരോ അക്കൗണ്ടുകളും വിലയിരുത്തി മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
**കെ എസ് എഫ് ഇ യ്ക്കു വേണ്ടി,**

**സുബ്രഹ്മണ്യൻ. വി. പി**
**മാനേജിങ്ങ് ഡയറക്ടർ**

പകർപ്പ്
1. എല്ലാ മേഖലാ തലവൻമാർക്കും
2. എല്ലാ ശാഖകൾക്കും
3. എല്ലാ എസ്. ഡി. ടി ഓഫീസുകൾക്കും
4. എല്ലാ ഓഡിറ്റ് ടീമുകൾക്കും
5. ഹെഡ് ഓഫീസിലെ എല്ലാ വിഭാഗങ്ങളിലെ തലവന്മാർക്കും
6. ലെയ്സൺ ഓഫീസർ, കെ എസ് എഫ് ഇ തിരുവനന്തപുരം
7. ഡെപ്യൂട്ടി കളക്ടർ (ആർ ആർ)
8. ബഹു. ചെയർമാന്റെ പി.എ.